**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4307** **09-08-2021 - ൽ മറുപടിയ്ക്ക്**

**ശ്രീ മാത്യു പാനിപ്പരമ്പിൽ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം താലൂക്ക് ചെമ്പ് വില്ലേജിൽ ശ്രീ.മാത്യു, പാനിപ്പരമ്പിൽ വീട് എന്ന വ്യക്തി, ടിയാൻ വർഷങ്ങളായി താമസിക്കുന്ന പുരയിടത്തിന്റെ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നോ ; അപേക്ഷ സമർപ്പിച്ചെങ്കിൽ അതിന്റെ തീയതി വ്യക്തമാക്കുമോ; | (എ) | (എ) 03.03.2015- ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ശ്രീ.മാത്യുവിന്റെ അപേക്ഷയിന്മേൽ പഞ്ചായത്തിന്റെയും പി.ഡബ്ല്യൂ.ഡി-യുടേയും എൻ.ഒ.സി ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ; എൻ.ഒ.സി ലഭിച്ചിരുന്നെങ്കിൽ വീണ്ടും എൻ.ഒ.സി ആവശ്യപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | (ബി) ലഭിച്ചിട്ടില്ല |
| (സി) | ഒരിക്കൽ ലഭിച്ച എൻ.ഒ.സി വീണ്ടും ആവശ്യപ്പെടുന്നത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (സി) | സി) ബാധകമല്ല |
| (ഡി) | പ്രസ്തുത വ്യക്തിയുടെ ഈ അപേക്ഷയിൻമേലുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ? | (ഡി) | (ഡി) ചെമ്പ് വില്ലേജിൽ സർവ്വേ 58/12/സി യിൽ പ്പെട്ട 0.47 ആർ വസ്തു പതിച്ച് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ NOC ആവശ്യപ്പെട്ട് ചെമ്പ് പഞ്ചായത്ത്, പൊതുമരാമത്ത് വകുപ്പ് എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് നിരത്തിൽ നിന്ന് 80 മീറ്റർ മാറി, ചെമ്പ് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വസ്തു ആയതിനാൽ NOC നൽകുന്നതിന് സാധിക്കുകയില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ